പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.4773

18.12.2014 ൽ
മറുപടിക്ക്

## നെൽവയൽ തണ്ണീർത്തട സംരക്ഷണനിയമം

ചോദ്യം
ശ്രീ.ഇ.കെ.വിജയൻ :

ഉത്തരം
ശ്രീ . അടൂർ പ്രകാശ്
(ബഹു.റവന്യൂവും കയറും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് 2007-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണനിയമം നിലവിൽ വരുന്നതിനും 25 വർഷങ്ങൾക്കുമുമ്പ് വൈദ്യുതീകരിച്ച കെട്ടിടങ്ങളുള്ള ഭൂമിയെ റവന്യൂ രേഖകളിൽ നിലമെന്ന് രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണനിയമം നിലവിൽ വന്നത് 2008 ലാണ്. |
| (ബി) | പ്രസ്തുത ആക്ട് പ്രകാരം സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ഡാറ്റാബാങ്ക് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ ഡാറ്റാബാങ്കിൽ ഇത്തരം ന്യൂനതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | എല്ലാ പഞ്ചായത്തുകളിലും ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചിട്ടില്ല. കരട് ഡാറ്റാ ബാങ്കിൽ ന്യൂനതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണനിയമം നിലവിൽ വന്ന 12.08.2008 ലെ സ്ഥിതി അനുസരിച്ചാണ് ടി നിയമത്തിന്റെ നിർവ്വചനത്തിൽപ്പെട്ട നിലമായോ തണ്ണീർത്തടമായോ ഡാറ്റാ ബാങ്കിൽ ഉൾപ്പെടുത്തേണ്ടത്. അപ്രകാരമല്ലാത്ത രേഖപ്പെടുത്തലുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കൊല്ലം ജില്ലയിലെ പടിഞ്ഞാറേ കല്ലട പഞ്ചായത്തിൽ 25 വർഷങ്ങൾക്കുമുമ്പ് വൈദ്യുതീകരിച്ച കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്ന ഭൂമി, റവന്യൂ രേഖകളിൽ പുരയിടം എന്നതിനുപകരം നിലമെന്ന് വിവക്ഷിച്ചിരിക്കുന്നത് പരിശോധിച്ചിട്ടുണ്ടോ; കണ്ടെത്തലുകൾ വിശദമാക്കാമോ; | (സി) & (ഡി) | 25 വർഷങ്ങൾക്കു മുമ്പ് വൈദ്യുതീകരിച്ച കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്ന ഭൂമി റവന്യൂ രേഖകളിൽ നിലമെന്ന് വിവക്ഷിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റവന്യൂ റിക്കാർഡുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന ഭൂമിയുടെ തരം / ഇനം മാറ്റം വരുത്തുവാൻ നിലവിലുള്ള നിയമങ്ങളിൽ വ്യവസ്ഥയില്ല. |
| (ഡി) | എങ്കിൽ ഇത്തരം കേസുകളിൽ ഉണ്ടായ അപാകതകൾ പരിഹരിക്കുന്നതിനും ഇത്തരം ഭൂമിയെ പുരയിടത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | | സെക്ഷൻ ഓഫീസർ |